പതിനാലാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 597 — 08.08. 2017 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. യിലെ ഒഴിവുകൾ

ചോദ്യം — ഉത്തരം

ശ്രീമതി.വീണാജോർജ്ജ് — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | (എ) 48 (3 ശതമാനം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തത്) |
| (ബി) ഇല്ലെങ്കിൽ ആയതിന് തടസ്സം എന്താണ്;<br>(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;<br>(ഡി) ഉത്തരവ് നടപ്പാക്കാത്തത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ബി), (സി)&(ഡി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനിക വൽക്കരണ നടപടിയുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ ക്യാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകു എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ നികത്തുന്നതിനാണ് കെ.എസ്.ഇ,ബി .എൽ. തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ